സെക്ഷൻ 80 ബാധകമാക്കിയിട്ടുള്ള സഹകരണ സംഘങ്ങൾ

* 148 [150] ശ്രീ. പി.വി. മുഹമ്മദ്:

,, കൊരമ്പയിൽ അഹമ്മദ് ഹാജി:

,, കെ.പി.എ. മജീദ്:

,, എ.വി. അബ്ദുറഹിമാൻ ഹാജി:

,, ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ സെക്ഷൻ 80 ഏതെല്ലാം സഹകരണ സംഘങ്ങൾക്കാണ് ഇപ്പോൾ ബാധകമാക്കിയിട്ടുള്ളത്;

(ബി) സെക്ഷൻ 80 നടപ്പിലാക്കാത്ത എത്ര സഹകരണ സംഘങ്ങൾ ഇപ്പോൾ ഉണ്ട്;

(സി) സഹകരണ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത എല്ലാ സംഘങ്ങളിലെ ജീവനക്കാർക്കും സെക്ഷൻ 80 ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം):

(എ) സഹകരണ സംഘം നിയമത്തിലെ 80–ാം വകുപ്പ് സംസ്ഥാനത്തിൽ ഉള്ള എല്ലാ സഹകരണസംഘങ്ങൾക്കും ബാധകമാണ്. എന്നാൽ ടി വകുപ്പ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള തരംതിരിവ്, ശമ്പളഘടന, അലവൻസുകൾ എന്നീ കാര്യങ്ങളിൽ പൊതുവേ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ മാത്രമേ ഇപ്പോൾ സഹകരണ ചട്ടങ്ങളിലും ഷെഡ്യൂളുകളിലും ചേർത്തിട്ടുള്ളൂ.

(ബി) പൊതുവേ കയർ, ക്ഷീരവികസനം, കൈത്തറി, മൽസ്യബന്ധനം, ഖാദി, വ്യവസായം എന്നീ ഡിപ്പാർട്ടുമെന്റുകളുടെ ഭരണ നിയന്ത്രണത്തിൽപ്പെട്ട സംഘങ്ങളുടെ തരംതിരിവ്, ശമ്പളഘടന, ജീവനക്കാരുടെ യോഗ്യതകൾ, അലവൻസുകൾ എന്നീ കാര്യങ്ങളെപ്പറ്റിയുള്ള വ്യവസ്ഥകൾ സഹകരണചട്ടങ്ങളിൽ ഇനിയും ചേർത്തിട്ടില്ല.

(സി) സഹകരണസംഘം നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതും പൊതുവേ മറ്റ് വകുപ്പുകളുടെ ഭരണാധികാരപരിധിയിൽ വരുന്നതുമായ സഹകരണസംഘങ്ങളുടെ തരംതിരിവ്, ശമ്പള അലവൻസ് വ്യവസ്ഥകൾ, ജീവനക്കാരുടെ യോഗ്യതകൾ മുതലായവ തീരുമാനിക്കുന്നതിനുവേണ്ടി സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ടി കമ്മിറ്റി പലവട്ടം യോഗംകൂടി ഈ കാര്യത്തെപ്പറ്റി ചർച്ച ചെയ്യുകയും ചില സംഘങ്ങളുടെ ടി വിവരങ്ങൾ അംഗീകരിക്കുകയും ചെയ്തു. മറ്റു സംഘങ്ങളുടെ വിവരങ്ങൾ രജിസ്ട്രാറുമായി ചർച്ച ചെയ്ത് പൂർത്തീകരിച്ച് കമ്മിറ്റിയിൽ വയ്ക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ വകുപ്പ് തലവൻമാർക്ക് കമ്മിറ്റി നൽകിയിട്ടുണ്ട്. ടി വിവരങ്ങൾ വേഗം കിട്ടിയാലുടൻ കമ്മിറ്റിക്ക് ശുപാർശകൾ സമർപ്പിക്കുവാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly